**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - ക്ലീൻ കേരള കമ്പനി ലിമിറ്റഡിന്റെ ഓഹരികൾ എടുക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ)നം.2774/2017/തസ്വഭവ തിരുവനന്തപുരം, തീയതി 10.08.2017

---

പരാമർശം -1.ക്ലീൻ കേരള കമ്പനി ലിമിറ്റഡ് മാനേജിങ് ഡയറക്ടറുടെ 09.02.2017 ലെ A6/CKCL/2015 നമ്പർ കത്ത്

**ഉത്തരവ്**

സിയാൽ മാതൃകയിൽ 26% ഓഹരി സർക്കാർ ഉടമസ്ഥതയിലും അവശേഷിക്കുന്നവ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ മൂലധനവുമായി വിവക്ഷിച്ചാണ് 2013 ൽ ക്ലീൻ കേരള കമ്പനി രൂപം കൊണ്ടത് എന്നും നിലവിൽ 6 കോർപ്പറേഷനുകളും 41 മുനിസിപ്പാലിറ്റികളുമാണ് ക്ലീൻ കേരള കമ്പനി ലിമിറ്റഡിന്റെ ഓഹരികൾ എടുത്തിട്ടുള്ളത് എന്നും, കമ്പനിയുടെ ഡയറക്ടർ ബോർഡിന്റെ പതിനേഴാമത് യോഗത്തിലെ പതിനാലാം നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് 1000 രൂപ വിലവരുന്ന 100 എണ്ണത്തിൽ കുറയാത്തതും എന്നാൽ 500 എണ്ണത്തിൽ അധികരിക്കാത്തതുമായ വിധത്തിൽ കമ്പനിയുടെ ഓഹരികൾ നൽകുവാൻ തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തുകൾ ഇക്കാര്യത്തിൽ കമ്പനിയുമായി സഹകരിക്കാൻ നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്നും പരാമർശം 1 പ്രകാരം ക്ലീൻ കേരള കമ്പനി ലിമിറ്റഡ് മാനേജിങ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ക്ലീൻ കേരള കമ്പനിയുടെ ഡയറക്ടർ ബോർഡിന്റെ 17-മത് യോഗത്തിലെ 14-ാം നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് 1000 രൂപ വിലവരുന്ന 100 എണ്ണത്തിൽ കുറയാത്തതും എന്നാൽ 500 എണ്ണത്തിൽ അധീകരിക്കാത്തതുമായ വിധത്തിൽ ഷെയറുകൾ നൽകുവാൻ തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ താല്പര്യമുള്ള ഗ്രാമപഞ്ചായത്തുകൾക്ക് ഇക്കാര്യത്തിൽ കമ്പനിയുമായി സഹകരിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**മിനിമോൾ. ഡി**

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖേന )

മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ